"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ്- നബാർഡ് RIDF Tranche VIII - കൊല്ലം ജില്ലയിലെ പട്ടാഴി - പനയനം - മൈലാടുംപാറ റോഡ് പ്രവൃത്തിയുമായി ബന്ധപ്പെട്ട് ഐ.എ.വൈ. പദ്ധതിയുടെ അക്കൗണ്ടിൽ നിന്നും കരാറുകാരന് തുക അനുവദിച്ച നടപടി സാധൂകരിച്ചു നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഡിഡി) വകുപ്പ്

സ.ഉ.(സാധാ) നം.1710/2026/LSGD തീയതി,തിരുവനന്തപുരം, 10-09-2026

---

പരാമർശം:- പ്രിൻസിപ്പൽ ഡയറക്ടറുടെ **20.01.2024, 15.04.2024, 08.08.2025, 19.09.2025, 15.06.2026** തീയതികളിലെ **LSGD/PD/2001/2024-CSSB4** നമ്പർ കത്തുകൾ.

**ഉത്തരവ്**

നബാർഡ് **RIDF Tranche VIII** ൽ ഉൾപ്പെടുത്തി കൊല്ലം ജില്ലയിൽ നിർമിച്ച പട്ടാഴി-പനയനം-മൈലാടുംപാറ റോഡിന്റെ പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കാത്തതിനാൽ **₹26,76,658/-** രൂപ നഷ്ടമുണ്ടായതായി കണ്ടെത്തിയതിന്നെ തുടർന്ന് കരാറുകാരനായ ശ്രീ. കെ. രാമചന്ദ്രനെതിരെ പത്തനാപുരം ബ്ലോക്ക് പഞ്ചായത്ത് റവന്യൂ റിക്കവറി നടപടികൾ ആരംഭിച്ചിരുന്നു. ഇതിനെതിരെ കരാറുകാരൻ പുനലൂർ സബ്‌കോടതിയെ **OS No.78/2016** ആയി സമീപിക്കുകയും **₹29,75,946/-** രൂപയും **6%** പലിശയും ഉൾപ്പെടെ ആകെ **₹57,43,966/-** രൂപ കരാറുകാരന് അനുവദിക്കാൻ ബ്ലോക്ക് പഞ്ചായത്തിന് എതിരായി വിധി നേടുകയും ചെയ്തു. ഈ വിധിക്കെതിരെ ബ്ലോക്ക് പഞ്ചായത്ത് ഹൈക്കോടതിയിൽ ആർ.എഫ്.എ.നം. **221/2019** ആയി അപ്പീൽ നൽകുകയും സബ്‌കോടതിയുടെ വിധി **6** മാസത്തേക്ക് ഹൈക്കോടതി സ്റ്റേ ചെയ്യുകയും **₹57,43,966/-** രൂപയ്ക്ക് തുല്യമായ ബാങ്ക് ഗ്യാരണ്ടി നൽകാൻ നിർദ്ദേശിക്കുകയും ചെയ്തു. തുടർന്ന് ബാങ്ക് ഗ്യാരണ്ടി നൽകാൻ മതിയായ നിക്ഷേപമുണ്ടായിരുന്ന ഏക ബാങ്ക്അക്കൗണ്ട് എന്നതിനാൽ ബ്ലോക്ക് പഞ്ചായത്ത് അവരുടെ കാനറാ ബാങ്ക് ശാഖയിലെ ഐ.എ.വൈ അക്കൗണ്ട് ഉപയോഗിച്ച് ബാങ്ക് ഗ്യാരണ്ടി നൽകി. ആർ.എഫ്.എ.നം.**221/2019** & ക്രോസ് ഒബ്ജക്ഷൻ നം.**13/2020** നമ്പർ കേസിലെ **30.03.2023** ലെ വിധിന്യായ പ്രകാരം കരാറുകാരന് **₹16,07,906/-** രൂപയും അതിനുള്ള **6%** പലിശ, റിട്ടൻഷൻ തുക, ഡിപ്പോസിറ്റ് എന്നിവ ഉൾപ്പെടെ ആകെ **₹32,28,742/-** രൂപ നൽകാൻ വിധിയായിരുന്നു. എന്നാൽ ഹൈക്കോടതി വിധി നടപ്പിലാക്കാൻ കാലതാമസം വരുത്തിയതിനാൽ , കരാറുകാരൻ വീണ്ടും പുനലൂർ

സബ്കോടതിയിൽ ഹർജി ഫയൽ ചെയ്യുകയും ഇതിന്റെ അടിസ്ഥാനത്തിൽ, ജാമ്യനിക്ഷേപത്തിൽ നിന്ന് ₹32,28,742/- രൂപ ഈടാക്കാൻ സബ്കോടതി അറ്റാച്ച്മെന്റ് എക്സിക്യൂഷൻ പുറപ്പെടുവിക്കുകയും ബ്ലോക്ക് പഞ്ചായത്തിന്റെ പിടവൂരിലെ കാനറ ബാങ്ക് അക്കൗണ്ടിൽ നിന്ന് തുക നൽകുകയും ചെയ്തു. തുടർന്ന് ഐ.എ.വൈ. പദ്ധതിയുടെ അക്കൗണ്ടിൽ നിന്നാണ് തുക പിൻവലിച്ചത് എന്നതിനാൽ ഈ തുക ബ്ലോക്ക് പഞ്ചായത്തിന്റെ ജനറൽ പർപ്പസ് ഫണ്ടിൽ നിന്ന് തിരികെ അടയ്ക്കണമെന്ന വ്യവസ്ഥയോടെ കരാറുകാരന് തുക അനുവദിച്ച നടപടിക്ക് സാധൂകരണം നൽകണമെന്ന് പരാമർശം (1) പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ ആവശ്യപ്പെടുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ബഹു. കേരള ഹൈക്കോടതിയുടെ വിധി നടപ്പിലാക്കുന്നതിന്റെ ഭാഗമായി ബാങ്ക് മുഖേന കേന്ദ്രാവിഷ്കൃത ഭവന നിർമ്മാണ പദ്ധതിയായ ഐ.എ.വൈ. അക്കൗണ്ടിൽ നിന്ന് ₹32,28,742/- (മുപ്പത്തിരണ്ട് ലക്ഷത്തി ഇരുപത്തെണ്ണായിരത്തി എഴുന്നൂറ്റി നാൽപ്പത്തിരണ്ട് രൂപ) ഈടാക്കപ്പെട്ട നടപടി സാമ്പത്തിക ചട്ടങ്ങളുടെ സാധാരണ വ്യവസ്ഥകൾക്ക് വിധേയമല്ലെങ്കിലും, ബഹു. ഹൈക്കോടതി നിർദ്ദേശപ്രകാരം സമർപ്പിച്ച ബാങ്ക് ഗ്യാരണ്ടിയുടെ ഫലമായി ഉണ്ടായ അനിവാര്യമായ സാഹചര്യം പരിഗണിച്ചും പത്തനാപുരം ബ്ലോക്ക് പഞ്ചായത്തിന്റെ ജനറൽ പർപ്പസ് ഫണ്ടിൽ ആവശ്യമായ തുക ലഭ്യമാണെന്നും, പ്രസ്തുത തുക ഐ.എ.വൈ. അക്കൗണ്ടിലേക്ക് തിരിച്ചടയ്ക്കുന്നതിന് ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതി 26.09.2023-ലെ 4/1-ാം നമ്പർ തീരുമാനപ്രകാരം തീരുമാനിച്ചിട്ടുണ്ടെന്നും കണക്കിലെടുത്ത്, ടി തുക (₹32,28,742/) പത്തനാപുരം ബ്ലോക്ക് പഞ്ചായത്തിന്റെ ജനറൽ പർപ്പസ് ഫണ്ടിൽ നിന്ന് ഐ.എ.വൈ. അക്കൗണ്ടിലേക്ക് പൂർണ്ണമായും തിരിച്ചടയ്ക്കണമെന്ന വ്യവസ്ഥയ്ക്ക് വിധേയമായി, പ്രസ്തുത നടപടി സാധൂകരിച്ചു നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. ഭാവിയിൽ കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി പരിപാലിക്കുന്ന ബാങ്ക് അക്കൗണ്ടുകളിലെ തുകകൾ ജാമ്യമായോ പദ്ധതിയേതര ആവശ്യങ്ങൾക്കായോ വിനിയോഗിക്കാതിരിക്കാൻ തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും കർശന നിർദ്ദേശം നൽകേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
രാമനാഥ് ജി
ഡെപ്യൂട്ടി സെക്രട്ടറി

1. പ്രിൻസിപ്പൽ ഡയറക്ടർ,എൽ.എസ്.ജി.ഡി, തിരുവനന്തപുരം
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), തിരുവനന്തപുരം
3. അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം.
4. ധനകാര്യ (വികസന) വകുപ്പ്( 31.08.2025 ലെ 3283997/DEV-2(NC-A2/15)/2025-FIN പ്രകാരം )

5. വെബ് ആൻഡ് ന്യൂ മീഡിയ, ഐ ആൻഡ് പി.ആർ.ഡി.
6. ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
7. കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

Digitally signed by
Preetha P R
Date: 10-09-2026
15:11:02

സെക്ഷൻ ഓഫീസർ